**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 327** **23-08-2022 - ൽ മറുപടിയ്ക്ക്**

**പഞ്ചായത്തുകളിലെ തനത് ഫണ്ടിന്റെ കുറവ് പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം. എം. മണി** | | **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | ഇടുക്കി ജില്ലയിലെ വിവിധ പഞ്ചായത്തുകളിൽ തനത് ഫണ്ട് കുറവായതിനാൽ ജീവനക്കാരുടെ ശമ്പളവും ജനപ്രതിനിധികളുടെ ഓണറേറിയവും നൽകാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ജില്ലയിലെ കുടയത്തൂർ, രാജാക്കാട്, കൊക്കയാർ, വട്ടവട എന്നീ ഗ്രാമ പഞ്ചായത്തുകൾക്ക് തനത് ഫണ്ട് കുറവാണ്. |
| (ബി) | ഇത്തരം പഞ്ചായത്തുകളെ സഹായിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ; | (ബി) | ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശിപാർശയിന്മേൽ സർക്കാർ കൈക്കൊണ്ട തീരുമാനപ്രകാരം, മുൻവർഷത്തെ ആനുവൽ ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റിനെ അടിസ്ഥാനപ്പെടുത്തി സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ തയ്യാറാക്കുന്ന റിപ്പോർട്ട് അനുസരിച്ച് എല്ലാ വർഷവും അർഹതപ്പെട്ട പഞ്ചായത്തുകൾക്ക് വിടവ് നികത്തൽ ഫണ്ട് അനുവദിച്ചു നൽകുന്നുണ്ട്. |
| (സി) | വിടവ് നികത്തൽ ഫണ്ട് ഈ പഞ്ചായത്തുകളിൽ ലഭ്യമാകുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ഫണ്ട് അടിയന്തരമായി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശിപാർശയിന്മേൽ സർക്കാർ കൈക്കൊണ്ട തീരുമാനപ്രകാരം, മുൻവർഷത്തെ ആനുവൽ ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റിനെ അടിസ്ഥാനപ്പെടുത്തി സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ തയ്യാറാക്കുന്ന റിപ്പോർട്ട് അനുസരിച്ച് എല്ലാ വർഷവും അർഹതപ്പെട്ട പഞ്ചായത്തുകൾക്ക് വിടവ് നികത്തൽ ഫണ്ട് അനുവദിച്ചു നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ